# Diploma in Elementary Education (D.El.Ed.)
# END SEMESTER ASSESSMENT 2018
## S1 103 ഭാഷയും കുട്ടിയും

സമയം: 2 മണിക്കൂർ സ്കോർ :50

പൊതു നിർദ്ദേശങ്ങൾ

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം
- ആദ്യത്തെ 15 മിനുട്ട് (സമാശ്വാസ സമയം) ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ച് മനസ്സിലാക്കുന്നതിന് ഉപയോഗിക്കുക.

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരെഞ്ഞെടുത്ത് എഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം)** (5X1=5)

1. താഴെ കൊടുത്ത പാട്ടുകളിൽ വംശീയ /സാമുദായികപാട്ടുകളിൽ പെടുന്നത് ഏത്?
   a) തോറ്റംപാട്ട്
   b) ചരട് പിന്നിക്കളി
   c) മാപ്പിളപ്പാട്ട്
   d) തേക്കുപാട്ട്

2. 'പമ്പകടക്കുക' എന്ന ശൈലിയുടെ ശരിയായ വ്യഖ്യാനം എഴുതുക
   a) പമ്പാ നദി കടക്കുക
   b) നദി കടക്കുക
   c) സ്ഥലം വിട്ടുപോകുക
   d) സ്ഥലം നോക്കുക

3. ബാല സാഹിത്യത്തിലെ ഭാഷയ്ക്ക് യോജിക്കാത്തത് ഏത്
   a) സംസാരഭാഷയോട് അടുത്തിരിക്കണം
   b) പൊടിപ്പും തൊങ്ങലും വെച്ച ഭാഷയായിരിക്കണം
   c) ലളിതമായ ആഖ്യാന രീതി ആയിരിക്കണം
   d) സർവ നാമങ്ങൾ ഉപയോഗിച്ച് പറയുന്ന രീതി ആയിരിക്കണം

4. ഒരു വർഷം ആകുമ്പോൾ കുട്ടി സ്വായത്തമാക്കുന്ന പ്രധാനപ്പെട്ട ഭാഷാഘട്ടം ഏത്?
   a) രണ്ട് പദങ്ങൾ ചേർത്തുള്ള പ്രയോഗങ്ങൾ
   b) ഒറ്റപദമുള്ള പ്രയോഗങ്ങൾ
   c) ചോദ്യങ്ങളും നിഷേധവാക്യങ്ങളും പറയുന്നു.
   d) അസ്പഷ്ട ശബ്ദമുണ്ടാക്കാൻ

5. ആശയാവതരണ രീതിക്ക് അനുയോജ്യമായ ക്രമം ഏത്?
   a) വാക്യസമൂഹം,വാക്യം,പദം
   b) പദം,വാക്യം,വാക്യസമൂഹം
   c) പദം, വാക്യസമൂഹം, വാക്യം
   d) വാക്യം,വാക്യസമൂഹം, പദം

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക്  ഒരു വാക്കിലോ ഒരു വാക്യത്തിലോ ഉത്തരമെഴുതുക** **(**5X1=5)

6. 'തളിര് ' ബാലമാസിക ഏത് സ്ഥാപനമാണ് പ്രസിദ്ധീകരിക്കുന്നത്?
7. നയനകേന്ദ്രീകരണം(eye fixation)എന്നാലെന്ത്?
8. ഫോക്ക് (Folk)അഥവാ കൂട്ടായ്മ എന്നതുകൊണ്ട് അർഥമാക്കുന്നത് എന്ത്?
9. ഉച്ചാരണ അവയവങ്ങളിൽ ചലനസ്വാതന്ത്ര്യം കുറഞ്ഞവയ്ക്ക് പറയുന്ന പേര്?
10. 'അക്കരെ നിൽക്കുമ്പോൾ ഇക്കരപ്പച്ച' എന്ന പഴഞ്ചൊല്ലിന്റെ വ്യാഖ്യാനം എഴുതുക?

**11 മുതൽ 20 വരെയുള്ള ചോദ്യങ്ങളുടെ ഉത്തരം 50 വാക്കിൽ എഴുതുക ഓരോന്നിനും 3 സ്കോർ  വീതം** (10X3=30)

11. സംസാരഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം?
12. നാടൻപാട്ടുകളെയും അവയുടെ വർഗ്ഗീകരണത്തേയും കുറിച്ച് ചുരുക്കി എഴുതുക?
13. ലേഖന പരിശീലനത്തിന്റെ വിവിധ രീതികൾ ഏതെല്ലാം
14. ഉച്ചാരണ വൈകല്യങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കി അവയ്ക്കുള്ള കാരണങ്ങൾ ചുരുക്കി എഴുതുക.
15. ഏതെങ്കിലും ഒരു പഴഞ്ചൊല്ലിനെ അടിസ്ഥാനമാക്കി അതിന്റെ അർഥവ്യാപ്തി വ്യക്ത മാക്കുക?
16. ബാല സാഹിത്യത്തിലെ ഭാഷയെകുറിച്ച് ചുരുക്കി എഴുതുക?
17. ഭാഷണം അഭ്യസിക്കുന്നതിന്റെ  ലക്ഷണങ്ങൾ എന്തെല്ലാം
18. ശിശുഭാഷയെ സംബന്ധിച്ച ലഘുകുറിപ്പ് തയ്യാറാക്കുക
19. പ്രൈമറിക്ലാസിൽ കടംകഥകൾ പ്രയോഗിക്കുന്നത് കൊണ്ടുള്ള പ്രാധാന്യം വ്യക്തമാക്കുക?
20. ഒരധ്യാപിക എന്ന നിലയിൽ പ്രാദേശിക ഭാഷയോടും മാനവിക ഭാഷയോടും സ്വീകരിക്കേണ്ട നിലപാടുകൾ എന്തായിരിക്കണം?

**21,22 ചോദ്യങ്ങൾക്ക്  250 വാക്കിൽ കവിയാതെ ഉത്തരമെഴുതുക** (2X5=10)

21. ഭാഷാപഠനം സംബന്ധിച്ച പ്രധാനപ്പെട്ട രണ്ട് കാഴ്ചപ്പാടുകൾ ഭാഷാശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുക?
22. പ്രൈമറി ക്ലാസുകളിൽ ബാലസാഹിത്യം പഠിപ്പിക്കുന്നതുകൊണ്ടുള്ള പ്രാധാന്യം ഉദാഹരണ സഹിതം വ്യക്തമാക്കുക.